# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5633 | 02.07.2019-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിന് ലാന്റ് ബാങ്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | റ്റി.ആർ.ഡി.എം.പദ്ധതി പ്രകാരം പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി ലാന്റ് ബാങ്ക് രൂപീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; | എ) | റ്റി.ആർ.ഡി.എം.പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഭൂമി വാങ്ങുന്നതിന് (കണ്ണൂർ, പാലക്കാട് ജില്ലയിൽ അട്ടപ്പാടി ഒഴികെ) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 690 ഭൂവുടമകളിൽ നിന്നും 1675 ഏക്കർ വിൽപ്പനയ്ക്ക് തയ്യാറാണെന്ന ഓഫർ ലഭിച്ചിട്ടുണ്ട്. ഇതിൽ 1394 ഏക്കർ ഭൂമി പഞ്ചായത്ത്തല സമിതി (ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ, റേഞ്ച് ഓഫീസർ എന്നിവർ അടങ്ങിയ) പരിശോധിച്ച് 734 ഏക്കർ ഭൂമി വാസയോഗ്യമാണെന്നും 633 ഏക്കർ ഭൂമി അനുയോജ്യമല്ലായെന്നുമുള്ള റിപ്പോർട്ട് ജില്ലാ കളക്ടർമാർക്ക് സമർപ്പിച്ചിട്ടുണ്ട്. ജില്ലാതല സമിതി (ജില്ലാ കളക്ടർ. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ജില്ലാ സർവ്വേ സൂപ്രണ്ട്, ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, വസ്തു ഉൾപ്പെടുന്ന പഞ്ചായത്ത് സെക്രട്ടറി എന്നിവർ അടങ്ങിയ) ഒരിക്കൽ കൂടി ഫീൽഡ് പരിശോധിച്ച് വിലനിർണ്ണയം നടത്തുന്നതാണ്. ജില്ലാതലത്തിൽ നിശ്ചയിക്കുന്ന വില സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ SLEC യുടെ അംഗീകാരം നേടിയ ശേഷമാണ് ഭൂമി വാങ്ങി നൽകുന്നത്. എറണാകുളം ജില്ലയിലെ 7.2 ഏക്കർ, വയനാട് ജില്ലയിലെ 54.54 ഏക്കർ എന്നിവ വാങ്ങുന്നതിനുള്ള ശിപാർശ SLEC യുടെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇതിനകം എത്ര ഏക്കർ ഭൂമി ഈ പദ്ധതിയിലേക്ക് വില്പനയ്ക്ക് ഓഫർ ലഭിച്ചു; അതിൽ എത്ര ഏക്കർ സ്ഥലം വാങ്ങുവാൻ തീരുമാനിച്ചു; | ബി) | ഈ പദ്ധതിക്കായി 1675 ഏക്കർ വിൽപ്പനയ്ക്ക് ഓഫർ ലഭിച്ചിട്ടുണ്ട്. ആദ്യഘട്ട ഫീൽഡ് പരിശോധന നടത്തിയ പഞ്ചായത്ത്തല സമിതി 734 ഏക്കർ ഭൂമി ശിപാർശ ചെയ്തിട്ടുണ്ട്. ജില്ലാതല സമിതി പരിശോധിച്ച് വിലനിർണ്ണയം നടത്തിയ എറണാകുളം ജില്ലയിൽ 7.2 ഏക്കർ, വയനാട് ജില്ലയിൽ 54.54 എന്നിവ SLEC യുടെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. |
| സി) | ഇപ്രകാരം വാങ്ങുന്ന ഭൂമി പട്ടിക വർഗ്ഗക്കാരുടെ പുനരധിവാസത്തിന് യോഗ്യമാണോ എന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | സി) | 03.03.2018-ലെ സ.ഉ(എം.എസ്)നം.21/2018/ പജപവവിവ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് ഭൂമി വാങ്ങുന്നത്. വിൽപ്പനയ്ക്ക് ഓഫർ ലഭിക്കുന്ന ഭൂമി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, റേഞ്ച് ഓഫീസർ എന്നിവരടങ്ങുന്ന പഞ്ചായത്തുതല സമിതിയുടെ സംയുക്ത പരിശോധനയ്ക്കുശേഷം വസ്തു വാങ്ങുന്നതിന് അനുയോജ്യമാണോ എന്ന് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകണം. ആയതിനു ശേഷം ജില്ലാ കളക്ടർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ജില്ലാ സർവ്വേ സൂപ്രണ്ട്, പട്ടികവർഗ്ഗ വികസന വകുപ്പിലെ പി.ഒ/റ്റി.ഡി.ഒ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങുന്ന സ്കൂട്ടണി കമ്മിറ്റി സ്ഥലം പദ്ധതി ആവശ്യത്തിന് അനുയോജ്യമാണോ എന്ന് പരിശോധിക്കുകയും അർഹമെന്ന് കണ്ടെത്തുന്ന സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ പ്രസിദ്ധപ്പെടുത്തുകയും, ജില്ലാ കളക്ടർ അദ്ധ്യക്ഷനും, ജില്ലാ രജിസ്ട്രാർ, ജില്ലാ സർവ്വേ സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പ്രോജക്ട് ഓഫീസർ, തഹസിൽദാർ എന്നിവർ അംഗങ്ങളായ പർച്ചേസ് കമ്മിറ്റി ജില്ലാതല സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിച്ചാണ് ഭൂമി വാങ്ങുന്നത്. |
| ഡി) | വാങ്ങുന്ന ഭൂമി ഏതെങ്കിലും തരത്തിൽ വാസയോഗ്യമല്ലാത്തതാണെന്ന് പിന്നീട് കണ്ടെത്തിയാൽ അതിന് ഉത്തരവാദികളായവർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുമോ? | ഡി) | വാസയോഗ്യമായ ഭൂമി വാങ്ങി നൽകുന്നതിന് 03.03.2018-ലെ സ.ഉ(എം.എസ്)നം.21/2018/ പജപവവിവ പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിലല്ലാതെ വാസയോഗ്യമല്ലാത്ത ഭൂമി വാങ്ങി നൽകുന്ന സ്ഥിതിവിശേഷം ഉണ്ടാകാൻ ഇടയില്ല. |

സെക്ഷൻ ഓഫീസർ